നമ്പർ/89792/2016/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 24/12/2016.

## സർക്കുലർ

വിഷയം: സ്കൂൾ വക കെട്ടിടങ്ങളും വസ്തുക്കളും വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കുവാൻ പാടില്ല എന്നതിൽ സർക്കുലർ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സൂചന: 1. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 5/4/2000-ലെ ഉത്തരവ്.
2. 7.6.2002 സർക്കാർ ഉത്തരവ് നമ്പർ 1503/02/പൊ.വി.
3. 20-09-2002-ലെ എം.4/60194/പൊ.വി.വകുപ്പ്
4. എൽ4-36592/05 പൊ.വി.വ. തീയതി 03-06-2005

സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂൾ കെട്ടിടങ്ങളും കാമ്പസും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 5/4/2000-ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ നിർദ്ദേശം നല്കി വരുന്നുണ്ട്. ഇക്കാര്യം കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി 7.6.2002-ലെ സർക്കാർ ഉത്തരവ് നമ്പർ 1503/02/പൊ.വി.വ. ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി തലത്തിലും 20.09.2002-ലെ എം.4/60194/പൊ.വി.വ. ഉത്തരവ് പ്രകാരം വിദ്യാഭ്യാസ/ഡയറക്ടർ തലത്തിലും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ സൂചന ഉത്തരവുകൾ ലംഘിച്ചുകൊണ്ട് പല സ്കൂൾ കെട്ടിടങ്ങളും സ്കൂൾ കാമ്പസുകളും വിദ്യാഭ്യാസപരമല്ലാത്ത ആവശ്യങ്ങൾക്ക് അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ നിർദ്ദേശം ഗൗരവമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണെന്ന് സ്കൂൾ അധികൃതരെ ഇതിനാൽ ഓർമ്മിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി
JIMMY K. JOSE
Addl. Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.